പതിമൂന്നാം കേരള നിയമസഭ

(ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :613 — 09/07/13-ൽ മറുപടിക്ക്

**<u>മൂല്യവർദ്ധിത മൽസ്യ ഉൽപന്ന വിപണി</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>" റ്റി. എൻ. പ്രതാപൻ<br>,, കെ. മുരളീധരൻ : | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) സംസ്ഥാനത്ത് മൂല്യവർദ്ധിത മൽസ്യഉൽപ്പന്നങ്ങൾ ഫിഷ് കിയോസ്ക്കുകളിലൂടെ വിപണിയിൽ എത്തിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങൾ നിർമ്മിക്കുവാനും, വിപണനം ചെയ്യുവാനും കേന്ദ്ര സർക്കാർ ധനസഹായത്തോടെ കേരളസംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഫിഷ് മെയ്ഡ് എന്ന ബ്രാൻഡിൽ സംസ്ഥാനത്തുടനീളം 100 ഫിഷ് കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിയുടെ മൊത്തം അടങ്കൽ തുകയായ 350 ലക്ഷം രൂപയിൽ 300 ലക്ഷം രൂപ കേന്ദ്ര വിഹിതവും 35 ലക്ഷം രൂപ സംസ്ഥാന വിഹിതവും 15 ലക്ഷം രൂപ കോർപ്പറേഷൻ വിഹിതവുമാണ്. ഇതിൽ 100 ലക്ഷം രൂപ കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തുടനീളം കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം നിർണ്ണയിക്കുന്നതിനായുള്ള പ്രാഥമിക സർവ്വേ നടന്നു കഴിഞ്ഞു. ഇതിനോടനുബന്ധിച്ച് പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചർച്ചകൾ നടത്തി വരുന്നു. കൂടാതെ സാങ്കേതിക സഹായത്തിനായി കേന്ദ്ര ഗവേഷണ സ്ഥാപനമായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുമായി തീരദേശ |

വികസന കോർപ്പറേഷൻ എം.ഒ.യു. ഒപ്പുവയ്ച്ചു. അതിനുസരിച്ച് ഫിഷ് കിയോസ്കുകൾ സ്ഥാപിക്കുന്നതിനായി വ്യക്തികൾ/ സ്ഥാപനങ്ങളിൽ നിന്നും എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിട്ടുണ്ട്. ഫിഷ് മെയ്ഡ് ഉല്പന്നങ്ങളുടെ ട്രയൽ പ്രൊഡക്ഷൻ നടത്തുന്ന തിനുവേണ്ടി സി.ഐ.എഫ്.ടി.യുടെ സഹായത്തോടെ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായി നളപാകത്തിൽ വച്ചു ട്രെയിനിംഗ് നൽകി. പല ജില്ലകളിലും എക്സിബിഷൻ/ഫെയറുകളിൽ ഫിഷ് മെയ്ഡ് ഉല്പന്നങ്ങളുടെ ടെസ്റ്റ് മാർക്കറ്റിംഗ് വിജയകരമായി നടത്തിയിട്ടുണ്ട്. മൂല്യ വർദ്ധിത ഉല്പന്നങ്ങൾ വാണിജ്യ അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതുനുവേണ്ടിയുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനം വ്യാപിപ്പിക്കുന്നതിനും കിയോസ്കുകളുടെ ബ്രാന്റിംഗിനുമായി പരസ്യകമ്പനികളിൽ നിന്നും എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചുകഴിഞ്ഞു. കൂടാതെ സ്ഥാപിക്കാനുദ്ദേശിക്കുന്ന കിയോസ്കുകളുടെ ഡിസൈൻ പൂർത്തിയായിക്കഴിഞ്ഞു.

(ഡി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ വരുമാനവും, ഉപഭോക്താക്കൾക്ക് കൂടുതൽ ഗുണമേന്മയും ഉറപ്പ് വരുത്തുവാൻ, മത്സ്യാധിഷ്ഠിതമായി മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുവാനും വിപണനം ചെയ്യുവാനും കേന്ദ്ര സർക്കാറിന്റെ സഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 'ഫിഷ് മെയ്ഡ് ' എന്ന ബ്രാൻഡിൽ 100 ഫിഷ് കിയോസ്കുകൾ സംസ്ഥാനത്തുടനീളം സ്ഥാപിക്കുന്നതാണ്. കൂടുതൽ വിപണി

കണ്ടെത്തുവാൻ വൈവിധ്യമേറിയതും, ഗുണമേന്മയുള്ളതുമായ ഉല്പന്നങ്ങളും, ഏറ്റവും മുന്തിയ സംവിധാനവും, സാങ്കേതിക സഹായവും ആവശ്യമാണ്. ഇവയെല്ലാം സംയോജിപ്പിച്ച് കൊണ്ട് ഓരോ പരിശ്രമത്തിനും കൂടുതൽ മൂല്യം എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതിക്ക് രൂപം നൽകിയത്. കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ കേന്ദ്രം, ലോകബാങ്ക് സഹായത്തോടെ നടപ്പാക്കിയ വിലകുറഞ്ഞ മത്സ്യങ്ങളുടെ മൂല്യ ശൃംഖലാ പദ്ധതി പ്രകാരം വികസിപ്പിച്ചെടുത്ത മൂല്യ വർദ്ധിത ഉത്പന്നങ്ങളായിരിക്കും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വിപണിയിൽ എത്തിക്കുക. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകളെ ഉൾപ്പെടുത്തിയിട്ടുള്ള സ്വയം സഹായ സംഘങ്ങൾ വഴി മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതു വഴി മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ വരുമാനത്തിൽ ഗണ്യമായി വർദ്ധനവും ഉണ്ടാകുന്നു.

(സി) പദ്ധതിക്കായി എന്തു തുക നീക്കി വച്ചിട്ടു ണ്ട്; വിശദമാക്കുമോ;

(സി) പദ്ധതിയുടെ മൊത്തം അടങ്കൽ തുകയായ 350 ലക്ഷം രൂപയിൽ 300 ലക്ഷം രൂപ കേന്ദ്ര വിഹിതവും 35 ലക്ഷം രൂപ സംസ്ഥാന വിഹിതവും 15 ലക്ഷം രൂപ കോർപ്പറേഷൻ വിഹിതവുമാണ്. ഇതിൽ 100 ലക്ഷം രൂപ കേന്ദ്ര വിഹിതമായി നൽകിയിട്ടുണ്ട്. സംസ്ഥാന വിഹിതത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

(ഡി) സംസ്ഥാനത്തുടനീളം കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം നിർണ്ണയിക്കുന്നതിനായുള്ള പ്രാഥമിക സർവ്വേ നടന്നു കഴിഞ്ഞു. ഇതിനോടനുബന്ധിച്ച് പ്രസ്തുത തദ്ദേശ സ്വയം

ഭരണ സ്ഥാപനങ്ങളുമായി ചർച്ചകൾ നടത്തി വരുന്നു. കൂടാതെ സാങ്കേതിക സഹായത്തി നായി കേന്ദ്ര ഗവേഷണ സ്ഥാപനമായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുമായി തീരദേശ വികസന കോർപ്പറേഷൻ എം.ഒ.യു. ഒപ്പുവയ്ച്ചു. അതിനനുസരിച്ച് ഫിഷ് കിയോസ്കുകൾ സ്ഥാപിക്കുന്നതിനായി വ്യക്തികൾ/സ്ഥാപന ങ്ങളിൽ നിന്നും എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിട്ടുണ്ട്. ഫിഷ് മെയ്ഡ് ഉല്പന്നങ്ങളുടെ ട്രയൽ പ്രൊഡക്ഷൻ നടത്തുന്നതിനുവേണ്ടി സി.ഐ.എഫ്.ടി.യുടെ സഹായത്തോടെ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായി നളപാകത്തിൽ വച്ച് ട്രെയിനിംഗ് നൽകി. പല ജില്ലകളിലും എക്സിബിഷൻ/ഫെയറുകളിൽ ഫിഷ് മെയ്ഡ് ഉല്പന്നങ്ങളുടെ ടെസ്റ്റ് മാർക്കറ്റിംഗ് വിജയകര മായി നടത്തിയിട്ടുണ്ട്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വാണിജ്യ അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനുവേണ്ടി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗ മിച്ചുവരുന്നു. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണനം വ്യാപിപ്പിക്കുന്നതിനും കിയോസ്കുക ളുടെ ബ്രാന്റിംഗിനുമായി പരസ്യകമ്പനികളിൽ നിന്നും എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചു കഴിഞ്ഞു. കൂടാതെ സ്ഥാപിക്കാനുദ്ദേശിക്കുന്ന കിയോസ്കുകളുടെ ഡിസൈൻ പൂർത്തിയായി ക്കഴിഞ്ഞു.

സെക്ഷൻ ഓഫീസർ